"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -ജീവനക്കാര്യം-തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന വിരമിച്ച ശ്രീമതി.മിനി ജെ.-യുടെ സസ്പെൻഷൻ കാലയളവ് ക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1505/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/12/2017 ലെ ഇ-9466/17 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. സ.ഉ (സാധാ) നം.110/2018/തസ്വഭവ. തീയതി 10/01/2018.
3. പഞ്ചായത്ത് ഡയറക്ടറുടെ 07/04/2018 ലെ ഡി3-4772/2018 നമ്പർ കുറ്റാരോപണ മെമ്മോ.
4. സ.ഉ.(സാധാ) നം.1029/2018/തസ്വഭവ. തീയതി 11/04/2018
5. ശ്രീമതി.മിനി.ജെ -യുടെ 01/06/2024 ലെ അപേക്ഷ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.01.2025-ലെ LSGD/PD/3432/2023-VIGA1 നമ്പർ ഉത്തരവ്.
7. ശ്രീമതി മിനി ജെ. ഫയൽ ചെയ്ത OA 1770/2024-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.01.2015-ലെ ഉത്തരവ്.
8. സ.ഉ(സാധാ) നം.1225/2025/തസ്വഭവ. തീയതി 19/05/2025
9. പ്രിൻസിപ്പൽ ഡയറക്ടറുടെ 24/05/2025 LSGD/PD/3432/2023-VIGA1 നമ്പർ കത്ത്.

**ഉത്തരവ്**

2017-ലെ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് പൂവ്വാർ വില്ലേജ് ഓഫീസ് മുഖേന റവന്യൂ വകുപ്പ് അധികാരികൾ രാപ്പകൽ ജോലി ചെയ്ത അവസ്ഥയിൽ റവന്യൂ വകുപ്പ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി സഹകരിക്കാതെ നിഷേധാത്മകമായ സമീപനമാണ് പൂവാർ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മിനി ജെ. സ്വീകരിച്ചതെന്ന പൂവാർ വില്ലേജ് ഓഫീസറുടെ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. മിനി ജെ.യെ തൽസ്ഥാനത്തു നിന്നും മാറ്റി ടിയാളുടെ കൃത്യ വിലോപം സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ

കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീമതി മിനി ജെ. യെ അന്വേഷണ വിധേയമായി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന്, പരാമർശം (4) പ്രകാരം ടിയാളെ സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. തുടർനടപടികൾ പരിശോധന നടത്തി പരാമർശം (8) സർക്കാർ ഉത്തരവിൽ KSR ചട്ടപ്രകാരം അച്ചടക്ക നടപടി അന്തിമമാക്കുകയുണ്ടായി .

2. സസ്പെൻഷനിൽ തുടർന്ന 10.01.2018 മുതൽ 22.04.2018 വരെയുള്ള കാലയളവ് ക്രമവൽക്കരിക്കുന്നതിന് പരാമർശം (5) പ്രകാരം ശ്രീമതി മിനി ജെ, സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാൾ ഇതു സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1770/2024 ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ബഹു. ട്രിബ്യൂണൽ പരാമർശം (7) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

*"…. the above Original Application is hereby disposed of by directing respondents 1 and 2 to take effective Steps to finalise the disciplinary actions initiated on the basis of Annexures A4 and A6 Memo of Charges and to finalise the proceedings if any, proposed under Rule 3(a) of Part III, KSR, at the earliest possible, at any rate, within a period of one month from the date of receipt of a copy of this order. Depending upon the outcome of the decision, final orders on the question of reduction of pension if any, proposed under Rule 3 of Part III, KSR shall be issued by the 1st respondent, within a period of one month thereafter. In the meanwhile, the suspension period of the applicant shall also be regularised depending upon the outcome of the disciplinary actions. At any rate, the entire terminal/ retiral benefits due to the applicant, depending upon the decision which will be taken as directed above, shall be sanctioned and paid to the applicant, within an outer limit of three months from the date of receipt of a copy of this order…."*

3. ശ്രീമതി . മിനി. വിരമിച്ചതിനു ശേഷം പ്രിൻസിപ്പൽ ഡയറക്ടർ തീർപ്പാക്കിയ നടപടി നിലവിലുള്ള അച്ചടക്ക നടപടി ചട്ടത്തിന്റെ അടിസ്ഥാനത്തിൽ അസാധുവായതിനാൽ വിഷയം പുനഃപ്പരിശോധിച്ച ശേഷം സർക്കാർ അന്തിമ തീർപ്പാക്കൽ ഉത്തരവ് പരാമർശം -8 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ടിയാൾക്കെതിരെ KSR Part III Rule 59(b) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ ആജീവനാന്തം കുറവ് വരുത്താൻ തീരുമാനിച്ച് അച്ചടക്കനടപടി അന്തിമമാക്കി .

4. ശ്രീമതി മിനി ജെ. ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള

സാഹചര്യത്തിൽ, ടിയാൾ സസ്‌പെൻഷനിൽ തുടർന്ന **10.01.2018** മുതൽ **10.04.2018** വരെയുള്ള കാലയളവ് ടിയാൾ കൈപ്പറ്റിയ ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി പെൻഷനു മാത്രം ഡ്യൂട്ടിയായി പരിഗണിച്ചും **11.04.2018** മുതൽ **22.04.2018** വരെയുള്ള പുനഃപ്രവേശന കാലയളവ് പ്രവേശന കാലമായോ അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമവൽക്കരിക്കാവുന്നതുമാണെന്ന് പരാമർശം (9) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സസ്പെന്ഷൻ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രിൻസിപൽ ഡയറക്ടർ നൽകിയിട്ടുള്ള ഒഴിവാക്കി തീർപ്പാക്കിയ 5-1-25 നടപടിക്രമം നിലനിൽക്കുന്നതല്ല ശ്രീമതി മിനി ജെ.യുടെ **10.01.2018** മുതൽ **10.04.2018** വരെയുള്ള സസ്‌പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായും, **11-04-2018** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള **KSRs Part I Rule-56B(9) Note-2** പ്രകാരം പ്രവേശന കാലമായോ (**KSRs Part I Rule-127** പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും [6ദിവസം] യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) (**apportioned second**) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബഹു. ട്രിബ്യൂണലിന്റെ പരാമർശം (7) ഉത്തരവ് ഇപ്രകാരം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (*ആമുഖ കത്ത് സഹിതം)*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ശ്രീമതി. മിനി ജെ., മുൻ സെക്രട്ടറി, പൂവ്വാർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
5. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (16.06.2025 ലെ 3159639/DEV-1/104/2025-FIN നമ്പർ കുറിപ്പ് പ്രകാരം.)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/84/2024/തസ്വഭവ.

നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 18-06-2025 19:16:33

സെക്ഷൻ ഓഫീസർ